REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണ സമാപനത്തിലേക്ക് ഇനി മണിക്കൂറുകൾ മാത്രം. അവകാശവാദങ്ങളുമായി മുന്നണികളും നേതാക്കളും.
- പരസ്യപ്രചാരണം സമാപിച്ചശേഷം മാതൃകാ പെരുമാറ്റച്ചട്ടം എല്ലാവരും കർശനമായി പാലിക്കണമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം.
- ISL ഫുട്ബോൾ രണ്ടാം സെമിയുടെ ആദ്യ പാദത്തിൽ ഇന്ന് FC ഗോവ- മുംബൈ സിറ്റി FC മത്സരം.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണ സമാപനത്തിലേക്ക് ഇനി അഞ്ചര മണിക്കൂർ മാത്രം. മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണ സമാപനം ആഘോഷമാക്കാൻ ഒരുക്കങ്ങൾ പൂർത്തിയാക്കി കഴിഞ്ഞു. വൈകിട്ട് ആറ് വരെയാണ് പരസ്യ പ്രചാരണത്തിന് അനുവദിച്ചിരിക്കുന്ന സമയം. നാളെ നിശ്ശബ്ദ പ്രചാരണത്തിന്റെ ദിവസമാണ്.

മെഗാ റോഡ് ഷോകളും റാലികളും വാദ്യഘോഷങ്ങളുമായി പ്രചാരണ സമാപനം ഗംഭീരമാക്കാൻ എല്ലാ മണ്ഡലങ്ങളിലും വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പ്രചാരണ പരിപാടികളിൽ വിട്ടുപോയ പോയിന്റുകളിൽ അവസാന മണിക്കൂറെങ്കിലും എത്തിച്ചേർന്ന് പരമാവധി വോട്ട് നേടാൻ സ്ഥാനാർത്ഥികൾ മത്സരിച്ച് പര്യടനം തുടരുകയാണ്.

മറ്റന്നാളാണ് വോട്ടെടുപ്പ്. രാവിലെ ഏഴിന് ആരംഭിക്കുന്ന വോട്ടെടുപ്പ് വൈകിട്ട് ആറിന് അവസാനിക്കും. കേരളത്തിലെ 20 ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളാണ് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിൽ ബൂത്തിലെത്തുന്നത്. കർണാടകയിലെ 14 ഉം, രാജസ്ഥാനിലെ 13 ഉം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ എട്ടു വീതവും, മധ്യപ്രദേശിലെ ഏഴും മണ്ഡലങ്ങൾ ഇതിലുൾപ്പെടുന്നു. അസം, ബിഹാർ സംസ്ഥാനങ്ങളിലെ അഞ്ചു വീതവും, ഛത്തീസ്ഗഡ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ മൂന്നു വീതവും, മണിപ്പൂർ, ജമ്മുകശ്മീർ എന്നിവിടങ്ങളിൽ ഓരോ മണ്ഡലവും മറ്റന്നാൾ വിധിയെഴുതും.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണം ഇന്ന് സമാപിയ്ക്കാനിരിക്കെ പ്രമുഖ മുന്നണികൾ അവകാശവാദങ്ങളുമായി രംഗത്തെത്തി. കേരളത്തിൽ 20 സീറ്റിലും ജയിക്കുമെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ തിരുവനന്തപുരത്ത് പറഞ്ഞു.

NDA-യ്ക്ക് എതിരായ അടിയൊഴുക്ക് ശക്തമാണെന്നും തൊഴിലില്ലാഴ്മയാണ് രാജ്യത്തെ പ്രധാന പ്രശ്നമെന്നും അതിനെതിരായാണ് കോൺഗ്രസിന്റെ സമരമെന്നും ഖാർഗെ വ്യക്തമാക്കി.

തെരഞ്ഞെടുപ്പിൽ 20 മണ്ഡലങ്ങളിലും LDF-ന് വിജയ പ്രതീക്ഷയാണെന്നും മുന്നണി പുതു ചരിത്രം രചിക്കുമെന്നും CPIM  സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. രാജ്യത്ത് ഏറ്റവും അധികം ഇടത് സ്ഥാനാർത്ഥികൾ ജയിക്കുന്ന സംസ്ഥാനവും കേരളം ആകുമെന്ന് ഗോവിന്ദൻ അവകാശപ്പെട്ടു.

അതേസമയം, ഇത്തവണ കേരളത്തിൽ NDA രണ്ടക്കത്തിൽ എത്തുമെന്ന പ്രധാനമന്ത്രിയുടെ വിശ്വാസം സ്ഥാനാർത്ഥികളും മുതിർന്ന മുന്നണി നേതാക്കളും ആവർത്തിച്ച് പങ്കുവെച്ചു.

✪✪✪

സാം പിട്രോഡയുടെ പരാമർശത്തോടെ കോൺഗ്രസിന്റെ യഥാർത്ഥ ഉള്ളിലിരുപ്പ് പുറത്തുവന്നതായി ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. രാജ്യത്തെ സ്വകാര്യ സ്വത്ത് സർവ്വെ നടത്തി പിടിച്ചെടുത്ത് ഗവൺമെന്റ് സ്വത്താക്കി മാറ്റി UPA ഭരണകാലത്ത് തീരുമാനിച്ചത് പോലെ വിതരണം ചെയ്യാനാണ് കോൺഗ്രസ് ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. സാം പിട്രോഡയുടെ വെളിപ്പെടുത്തൽ ഗൗരവമായി കാണണമെന്നും, ഒന്നുകിൽ പ്രകടനപത്രികയിൽ നിന്ന് ഒഴിവാക്കുകയോ അല്ലെങ്കിൽ അതാണ് യാഥാർത്ഥ്യമെന്ന്

കോൺഗ്രസ് സമ്മതിക്കുകയോ വേണമെന്ന് അമിത് ഷാ ആവശ്യപ്പെട്ടു.

ആലപ്പുഴ പുന്നപ്ര കാർമൽ കോളേജ് ഗ്രൗണ്ടിൽ NDA പൊതു യോഗത്തെ ഇപ്പോൾ അദ്ദേഹം അഭിസംബോധന ചെയ്യുകയാണ്. തുടർന്ന് അമിത് ഷാ മഹാരാഷ്ട്രയിലെ അമരാവതിയിലേക്ക് പോകും.

✪✪✪

ഒന്നര മാസം നീണ്ട പരസ്യ പ്രചാരണം കനത്ത ചൂടും കടന്ന് കലാശകൊട്ടിലേക്ക് കടക്കുമ്പോൾ വിജയ പ്രതീക്ഷയിലാണ് പാലക്കാട് ലോക്സഭാ മണ്ഡലത്തിലെ സ്ഥാനാർഥികൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..

.......വോയ്സ്.............

✪✪✪

ത്രികോണ മത്സരം നടക്കുന്ന തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിൽ കൊട്ടിക്കലാശത്തിനായി മൂന്നു മുന്നണികളും തയ്യാറെടുത്തു കഴിഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി റെജു കോലിയക്കോട്

...........വോയ്സ്..............

✪✪✪

ശക്തമായ ത്രികോണ മത്സരത്തിന് വേദിയാകുന്ന തൃശ്ശൂരിലും പ്രചാരണം പൊടിപാറുന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്....

..........വോയ്സ്.............

✪✪✪

AICC ജനറൽ സെക്രട്ടറി പ്രിയങ്കാഗാന്ധി തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഇന്ന് വയനാട്ടിലെത്തും. സുൽത്താൻബത്തേരി, കമ്പളക്കാട് എന്നിവിടങ്ങളിലെ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

BJP തമിഴ്നാട് പ്രസിഡണ്ട് K അണ്ണാമലെയും ഇന്ന് വയനാട്ടിൽ പ്രചാരണത്തിനെത്തും.

✪✪✪

കണ്ണൂർ ലോക്സഭാ മണ്ഡലത്തിലെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ കൊട്ടിക്കലാശം ഇന്ന് വൈകുന്നേരം മൂന്നിടങ്ങളിലായി നടക്കും. UDF-ന്റെത് ഫോർട്ട് റോഡിൽ SBI ജംഗ്ഷനിലും LDF-ന്റെത് കാൽടെക്സിലും NDA-യുടെ കൊട്ടിക്കലാശം പഴയ ബസ് സ്റ്റാന്റിലും നടത്താനാണ് പോലീസ് വിളിച്ചുചേർത്ത രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽ തീരുമാനമായത്. കൊട്ടിക്കലാശവുമായി ബന്ധപ്പെട്ട് കണ്ണൂർ സിറ്റി പോലീസ് രാഷ്ട്രീയ പാർട്ടികൾക്ക് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.

✪✪✪

പരസ്യപ്രചാരണം ഇന്ന് വൈകിട്ട് 6-ന് അവസാനിക്കുമെന്നും മാതൃകാപെരുമാറ്റച്ചട്ടം എല്ലാവരും കർശനമായി പാലിക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു.

നിശ്ശബ്ദ പ്രചാരണം മാത്രം അനുവദനീയമായ അവസാന 48 മണിക്കൂറിൽ നിയമവിരുദ്ധമായി ആളുകൾ കൂട്ടം ചേരുകയോ പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയോ ചെയ്താൽ ക്രിമിനൽ പ്രൊസീജ്യർ കോഡ് ചട്ടം 144 പ്രകാരം നടപടി സ്വീകരിക്കും. ഉച്ചഭാഷിണികൾ ഉപയോഗിക്കാനോ ജാഥകളും പ്രകടനങ്ങളും സംഘടിപ്പിക്കാനോ പാടില്ല. തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കാനിടയുള്ള ഒരു പ്രദർശനവും അനുവദിക്കില്ല. ചട്ടം ലംഘിക്കുന്നവർക്ക് തടവോ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും. നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനു പൊലീസിന്റെയും എൻഫോഴ്സ്മെന്റ് ഏജൻസികളുടെയും കർശന പരിശോധന തുടരും.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് പോളിങ് ബൂത്തിൽ എത്തുമ്പോൾ തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഫോട്ടോ ഐഡി കാർഡ് ആണ് തിരിച്ചറിയിൽ രേഖയായി ഉപയോഗിക്കേണ്ടത്. എന്നാൽ ഇത് കൈവശമില്ലാത്തവർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ച ഫോട്ടോപതിച്ച മറ്റ് 12 അംഗീകൃത തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് ചെയ്യാമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. എല്ലാ

വോട്ടർമാരും അഭിമാനത്തോടെ ഈ അവസരം ഉപയോഗപ്പെടുത്തണമെന്നും അത് വോട്ടർമാരുടെ ഉത്തരവാദിത്തമാണെന്നും മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

✪✪✪

വോട്ടെടുപ്പ് ദിനമായ മറ്റന്നാൾ സംസ്ഥാനത്തെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ ഗവൺമെന്റ്, അർധഗവൺമെന്റ്, വാണിജ്യ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് അവധി പ്രഖ്യാപിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സംസ്ഥാനത്ത് നടത്തിയ സ്വീപ് ബോധവത്കരണ പരിപാടികൾ, നാളെ വൈകിട്ട് തിരുവനന്തപുരത്ത് നടക്കുന്ന 'തിരഞ്ഞെടുപ്പ് വിളംബര ഘോഷയാത്ര'യോടെ സമാപിക്കും.

വൈകിട്ട് നാലിന് രാജ്ഭവനിൽ നിന്ന് ആരംഭിച്ച് കനകക്കുന്നിൽ സമാപിക്കുന്ന വിളംബരഘോഷയാത്രയിൽ സാംസ്കാരിക നായകരും സമൂഹത്തിന്റെ വിവിധ മേഖലകളിലെ പ്രഗത്ഭരും പങ്കെടുക്കും. തിരഞ്ഞെടുപ്പുകളോടു ആഭിമുഖ്യം യുവജനങ്ങളുടെ ഇടയിൽ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ എല്ലാ സമ്മതിദായകരെയും വോട്ട് ചെയ്യാൻ പ്രേരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സംസ്ഥാന വ്യാപകമായി സ്വീപിന്റെ നേതൃത്വത്തിൽ വിപുലമായ ബോധവത്കരണ പരിപാടികൾ

സംഘടിപ്പിച്ചതെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു.

✪✪✪

ദുരന്തത്തെ അതിജീവിക്കുന്ന നിർമ്മാണങ്ങളിൽ നിക്ഷേപം വർദ്ധിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. ദുരന്ത പ്രതിരോധ അടിസ്ഥാന സൗകര്യ മേഖലയെ സംബന്ധിച്ച അന്താരാഷ്ട്ര സമ്മേളനത്തിന്റെ ആറാം പതിപ്പിനെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

✪✪✪

ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം. ഇന്ത്യൻജനതയുടെ മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കാനായി താഴെത്തട്ടിൽ പ്രവർത്തിക്കുന്നവരടക്കം മുഴുവൻ ജനങ്ങൾക്കും പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ നേർന്നു. പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും ജനാഭിലാഷങ്ങൾക്ക് ചിറക് നൽകാനും തുടർന്നും ഗവൺമെന്റ് പ്രവർത്തിക്കുമെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

2022-ലെ അട്ടാരി അതിർത്തി മയക്കു മരുന്നു കേസിലെ മുഖ്യപ്രതിയെ NIA അറസ്റ്റു ചെയ്തു. UP സ്വദേശി തഹ്സീം എന്ന മോട്ടയാണ് പിടിയിലായത്. രാജ്യാന്തര വിപണിയിൽ 700 കോടിയിൽ പരം രൂപ വിലവരുന്ന 103 കിലോ ഹെറോയിൻ, അമൃത്സറിലെ അട്ടാരി ചെക്ക് പോസ്റ്റ് വഴി കടത്താൻ ശ്രമിച്ച കേസിലാണ് ഇയാൾ അറസ്റ്റിലായത്.

✪✪✪

യെമനിൽ തടവിൽ കഴിയുന്ന നിമിഷപ്രിയയെ കാണാൻ അമ്മയ്ക്ക് അനുമതി ലഭിച്ചു. ഉച്ചയ്ക്ക് ശേഷം ജയിലിലെത്താൻ അധികൃതർ നിർദ്ദേശം നൽകി.

✪✪✪

സ്വർണ്ണവില ഇന്ന് പവന് 360 രൂപ കൂടി 53,280 രൂപയായി. ഗ്രാമിന് 6,660 രൂപയാണ് ഇന്നത്തെ വില.

✪✪✪

ISL ഫുട്ബോൾ രണ്ടാം സെമി ഫൈനലിന്റെ ആദ്യപാദത്തിൽ ഇന്ന് FC ഗോവ മുൻ ചാമ്പ്യന്മാരായ മുംബൈ സിറ്റി FC-യെ നേരിടും. വൈകീട്ട് 7.30ന് ഗോവയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഡൽഹിയിൽ രാത്രി 7-30 നാണ് മത്സരം.

✪✪✪